പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2679 — 19/07/2011 ൽ മറുപടിക്ക്

## റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ.വി.ശശി | ശ്രീ. ടി.എം.ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാം ; പ്രസ്തുത സംവിധാനങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം ; | (എ) സംസ്ഥാനത്തെ പൊതുവിതരണശൃംഖല മുഖേന വിതരണം ചെയ്യേണ്ട ഭക്ഷ്യധാന്യങ്ങളുടെ സംഭരണവും വിതരണവും മുഖ്യമായും വഹിക്കുന്നത് എഫ്.സി.ഐ.ഗോഡൗണുകളിലൂടെയാണ്. എഫ്.സി.ഐയുടെ ഗുണനിലവാര പരിശോധകർ ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാര പരിശോധന നടത്താറുണ്ട്. റേഷൻകടകളിലൂടെ വിതരണം ചെയ്യുന്ന കുത്തരി സപ്ലൈകോയുടെ ഗുണനിലവാര പരിശോധകർ പരിശോധിച്ചാണ് വിതരണത്തിന് തയ്യാറാക്കുന്നത്. മൊത്ത/ചില്ലറ വ്യാപര ഡിപ്പോകളിലെ സ്റ്റോക്കിന്റെ ഗുണനിലവാരം മോശമാണെന്നു ബോദ്ധ്യപ്പെടുന്ന പക്ഷം അത്തരം ഭക്ഷ്യധാന്യങ്ങൾ മാറ്റി പകരം നിലവാരമുള്ള ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യണമെന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) എ.പി. എല്ലുകാർക്ക് കിലോഗ്രാമിന് ഒരു രൂപാ നിരക്കിൽ അരി നൽകാനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എപ്പോൾ മുതൽ വിതരണം ചെയ്യുമെന്ന് വെളിപ്പെടുത്തുമോ ? | (ബി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.